**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1654** **01-07-2026-ൽ മറുപടിയ്ക്ക്**

**ഭാരതപ്പുഴയിലേക്ക് മാലിന്യം ഒഴുക്കിവിടുന്നവർക്കെതിരെ നടപടി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. മുഹമ്മദ് മുഹസിൻ ശ്രീ. കെ. എം. ഷാജി

(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** പട്ടാമ്പി മുനിസിപ്പൽ പ്രദേശത്ത് ഭാരതപ്പുഴയിലേക്കു മാലിന്യം ഒഴുക്കിവിട്ട് പുഴയെ മലിനപ്പെടുത്തുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**(ബി)** മാലിന്യം ഒഴുക്കിവിട്ടതുമായി ബന്ധപ്പെട്ട് കഴിഞ്ഞ 5 വർഷത്തിൽ എത്ര കേസുകൾ എടുത്തിട്ടുണ്ടെന്നും ആർക്കൊക്കെ പിഴ ചുമത്തിയിട്ടുണ്ടെന്നും ഓരോരുത്തർക്കും എത്ര രൂപ പിഴ ഈടാക്കിയിട്ടുണ്ടെന്നും വർഷം തിരിച്ച് അറിയിക്കാമോ;

**മറുപടി:** പട്ടാമ്പി നഗരസഭയിൽ മാലിന്യം ഒഴുക്കിവിടുന്നതുമായി ബന്ധപ്പെട്ട് കഴിഞ്ഞ 5 വർഷത്തിൽ 3 കേസുകൾ എടുത്തിട്ടുണ്ട്. പിഴ ചുമത്തിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു:

1. സക്കീർ, തിരിയാക്കളത്തിൽ, പരുവക്കടവ്, പട്ടാമ്പി, പിഴ തുക 15010/-, തീയതി - 30/05/2024.

2. ഷഫീഖ് പുഴയ്ക്കൽ, പരുവക്കടവ്, പട്ടാമ്പി, പിഴ തുക 50,000/-, തീയതി 05/11/2024

3. സക്കീർ ഹുസൈൻ, തിരിയാക്കളത്തിൽ, പരുവക്കടവ്, പട്ടാമ്പി, പിഴ തുക 5010/-, തീയതി 31/12/2024

**(സി)** സ്ഥിരമായി മാലിന്യം ഒഴുക്കിവിടുന്നതുമായി ബന്ധപ്പെട്ട് സ്ഥാപനങ്ങൾക്കെതിരെ സ്വീകരിക്കുന്ന നടപടികളും പരിഹാര നടപടികളും അറിയിക്കാമോ?

**മറുപടി:** ആനക്കര പഞ്ചായത്തിൽ ഭാരതപ്പുഴയോട് ചേർന്ന് പ്രവർത്തിക്കുന്ന മാലിന്യ സംസ്കരണ പ്ലാന്റിന്റെ (ഫാബ്കോ ബയോ സൈക്കിൾ ആൻഡ് ബയോ പ്രോട്ടീൻ ടെക്നോളജി പ്രൈവറ്റ് ലിമിറ്റഡ് - Fabbco Bio Cycle and Bio Protein Technology Private Limited) പ്രവർത്തനത്തിനെതിരെ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ പരാതി ലഭ്യമാകുകയും, ടി പരാതിയുടെ അടിസ്ഥാനത്തിൽ പരിശോധന നടത്തുകയും, സ്ഥാപനത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. നിലവിൽ ഈ പ്ലാന്റ് പ്രവർത്തിക്കുന്നില്ല. കൂടാതെ, പട്ടാമ്പി നഗരസഭയിൽ ഭാരതപ്പുഴയിലേക്ക് മാലിന്യം ഒഴുക്കിവിടുന്നതുമായി ബന്ധപ്പെട്ട് അതിഥി തൊഴിലാളികളെ അനുവദനീയമായതിൽ കൂടുതലായി പാർപ്പിച്ചിരിക്കുന്ന ക്വാർട്ടേഴ്സുകളിൽ പരിശോധന നടത്തി തുടർനടപടി സ്വീകരിക്കുന്നതിനായി നഗരസഭ റവന്യൂ ഇൻസ്പെക്ടർ, ഓവർസിയർ, പബ്ലിക് ഹെൽത്ത്

ഇൻസ്പെക്ടർ ഗ്രേഡ് 1, പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 എന്നിവരടങ്ങുന്ന ഒരു സ്ക്വാഡ് രൂപീകരിച്ചിട്ടുള്ളതും, ടി സ്ക്വാഡിന്റെ നേതൃത്വത്തിൽ പരിശോധന നടത്തി വരുന്നതുമാണ്. സ്ക്വാഡിന്റെ സ്ഥല പരിശോധനയിൽ അതിഥി തൊഴിലാളികളെ അനുവദനീയമായതിൽ കൂടുതലായി താമസിപ്പിച്ചിരിക്കുന്ന അനധികൃത ക്വാർട്ടേഴ്സ് കെട്ടിടത്തിൽ മലിനജല ടാങ്കുകൾ നിറഞ്ഞു പൊതുജനങ്ങൾ ഉപയോഗിക്കുന്ന വഴിയിലേക്കും, മെയിൻ റോഡിലേക്കും, അതുവഴി പൊതുകാനയിലേക്കും ഒഴുകി എത്തുന്നതായും, ടി മലിനജലം ഭാരതപ്പുഴയിലേക്ക് ഒഴുകി എത്തുന്നതിന് സാധ്യതയുള്ളതായും കണ്ടെത്തിയിട്ടുണ്ട്. കക്കൂസ് മുറികളിൽ മലിനജലം കെട്ടിനിന്ന് പരിസരങ്ങളിൽ ദുർഗന്ധം വമിക്കുന്നതായും മലിനജലത്തിൽ കൊതുകിന്റെ കൂത്താടികളുടെ സാന്നിധ്യം കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. അതിഥി തൊഴിലാളി ക്വാർട്ടേഴ്സിന്റെ പരിസരത്തു നിന്നും പകർച്ച വ്യാധികൾ പടർന്നു പിടിക്കാൻ സാധ്യതയുള്ളതിനാൽ ഇത്തരം ക്വാർട്ടേഴ്സുകളുടെ ഉടമസ്ഥർക്ക് നോട്ടീസുകൾ നൽകുകയും, കുറ്റം ആവർത്തിക്കുന്ന സാഹചര്യത്തിൽ താമസക്കാരെ മാറ്റി പാർപ്പിച്ച് കെട്ടിടം അടച്ചുപൂട്ടുന്നതിനു സ്റ്റോപ്പ് മെമ്മോ നൽകുകയും ചെയ്തിട്ടുണ്ട്. അതിഥി തൊഴിലാളികളെ താമസിപ്പിച്ചിരിക്കുന്ന ചില കെട്ടിടങ്ങളിൽ മലിനജല സംസ്കരണത്തിനായി എസ് ടി പി പ്ലാന്റ് സ്ഥാപിച്ചിട്ടില്ലാത്തതിനാൽ ഉടമസ്ഥർക്ക് നോട്ടീസ് നൽകി, എസ് ടി പി പ്ലാന്റ് സ്ഥാപിക്കുന്ന നടപടികളും സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**